തുടരുകയാണ്. യാതൊരു സംശയവുമില്ല. ഈ ഗവൺമെന്റിന്റെ മുഖ്യമായ അജണ്ട ആദിവാസികൾക്ക് പകരം ഭൂമി കൊടുക്കുകയെന്നുള്ളതാണ്. അത് ഓർമ്മയുണ്ടല്ലോ. അതുകൊണ്ട് ഇവർക്കെല്ലാം ഭൂമി കൊടുക്കുന്നതിനുള്ള ശ്രമത്തിൽ നമുക്കെല്ലാ പേർക്കും പങ്കുചേരാം. കുരുക്ഷേത്രയുദ്ധം ഒരു വശത്ത് നടക്കട്ടെ, മറുവശത്ത് പാവപ്പെട്ടവർക്ക് ഭൂമി ഉറപ്പുവരുത്തുന്ന ആ യജ്ഞവും വിജയിപ്പിക്കാൻവേണ്ടി നമുക്ക് കൈകോർക്കാം എന്ന് ശ്രീ. ബാലനോട് പറഞ്ഞുകൊണ്ട് ഞാൻ നിറുത്തുന്നു.

പട്ടിക സമുദായക്ഷേമവും യുവജന, സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ഇതുവരെ 3802 കുടുംബങ്ങൾക്ക് ഭൂമി നൽകിയെന്ന് മാത്രമല്ല, ഈ വരുന്ന 2-ാം തീയതി 1200 കുടുംബങ്ങൾക്ക് ആറളം ഫാമിൽ ഭൂമി നൽകാൻ തീരുമാനിച്ചിരിക്കുന്നു, അതോടൊപ്പം മാർച്ച് 31-ാം തീയതിക്കകം ബാക്കിവരുന്ന 2300 ഏക്കർ ഭൂമിയും നൽകാനുള്ള നടപടികൂടി സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിക്കുകയാണ്.

(43) നെയ്യാർഡാം പ്രദേശങ്ങളിലെ ടൂറിസം വികസനം

ശ്രീ. തമ്പാനൂർ രവി: തിരുവനന്തപുരം ജില്ലയിലെ അതി പ്രധാനമായ ടൂറിസ്റ്റ് കേന്ദ്രമാണ് നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാർഡാം. പ്രകൃതിരമണീയമായ ഈ സ്ഥലത്ത് ദിവസവും ധാരാളം ടൂറിസ്റ്റുകൾ വരികയാണ്. അവർക്ക് വേണ്ട സൗകര്യങ്ങളൊന്നും അവിടെയില്ല. ഗവൺമെന്റിൽ പല നിവേദനവും കൊടുത്തു. പ്രോജക്ട് തയ്യാറായി പല ചർച്ചകൾ നടന്നു. ഇപ്പോൾ ടൂറിസത്തിന്റെ കാലമാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ ധാരാളം തുക ഈ രംഗത്ത് ചെലവഴിക്കുന്നു. സർ, അവിടത്തെ പ്രത്യേകത കണക്കിലെടുത്ത് അവിടത്തെ ടൂറിസം വികസനത്തിനുവേണ്ടി കേന്ദ്രത്തിൽ നിന്ന് കൂടുതൽ തുക ലഭ്യമാക്കണം. ഫോറസ്റ്റ്, ഫിഷറീസ്, ഇറിഗേഷൻ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ച് ചർച്ച നടത്തി ഒരു ടൂറിസം ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കണം.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, പ്രകൃതിരമണീയമായ നെയ്യാർഡാമിന്റെ വിനോദസഞ്ചാര സാദ്ധ്യത കണക്കിലെടുത്ത് ടൂറിസം വകുപ്പ് ബൃഹത്തായ പദ്ധതിക്ക് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ കഴിഞ്ഞ ദിവസം യോഗം കൂടിയിരുന്നു. നെയ്യാർഡാമിന്റെ പ്രത്യേകതകൾ മനസ്സിലാക്കിക്കൊണ്ട് വിശദമായ മാസ്റ്റർപ്ലാൻ രൂപപ്പെടുത്തിയെടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 5 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. ആ പദ്ധതിക്ക് അനുമതി ലഭിച്ചയുടനെതന്നെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. നെയ്യാർ ഡാമിന്റെ പ്രത്യേകതകൾക്കനുസരിച്ച് നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly